**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 52 23-01-2018-ൽ മറുപടി നൽകേണ്ടത്

**ജീവനക്കാരുടെ ഹാജർ നിരീക്ഷിക്കാൻ ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം**

**ചോദ്യം**

ഡോ.എൻ.ജയരാജ്

ശ്രീ.റോഷി അഗസ്റ്റിൻ

**ഉത്തരം**

ശ്രീ. പിണറായി വിജയൻ

(മുഖ്യമന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റിൽ ജീവനക്കാരുടെ ഹാജർ നിരീക്ഷിക്കാൻ ബയോമെട്രിക് പഞ്ചിങ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത സംവിധാനം ഡയറക്ടറേറ്റുകൾ അടക്കം സംസ്ഥാനത്തെ എല്ലാ ഓഫീസുകളിലും ഏർപ്പെടുത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ; | എ) | ഉണ്ട്, ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പഞ്ച് ചെയ്ത ശേഷം ഓഫീസ് വിട്ടു പോകുന്നത് നിരീക്ഷിക്കാൻ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഓഫീസ് വിട്ടു പോകുന്നത് ഒഴിവാക്കുവാൻ ലഞ്ച് ടൈമിനു ശേഷം ഓഫീസിൽ പ്രവേശിക്കുമ്പോഴും പഞ്ചിങ് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) | സെക്രട്ടേറിയറ്റിൽ നിലവിൽ ഓഫീസിൽ വരുമ്പോഴും ഓഫീസിൽ നിന്നു പോകുമ്പോഴും കൃത്യമായി പഞ്ച് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | നിയമസഭ ചേരുന്ന വേളയിലും മറ്റ് അടിയന്തര സാഹചര്യത്തിലും നിശ്ചിത ജോലി സമയത്തിന് പുറമേ സമയം ജോലി ചെയ്യേണ്ടി വരുന്നവരിൽ ആർക്കെല്ലാമാണ് നിലവിൽ ഓവർടൈം അലവൻസ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത അലവൻസ് ഇങ്ങനെ ജോലിചെയ്യുന്ന എല്ലാവർക്കും ബാധകമാക്കുന്നതിന് എന്താണ് തടസമെന്ന് വെളിപ്പെടുത്തുമോ? | സി) | നിയമസഭ ചേരുന്ന വേളയിൽ ബഹു.മുഖ്യമന്ത്രി , മറ്റു മന്ത്രിമാർ, പ്രതിപക്ഷ നേതാവ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിലെ അംഗങ്ങൾക്കും ഓവർടൈം അലവൻസ് അനുവദിക്കാറുണ്ട്. കൂടാതെ ധനകാര്യവകുപ്പിൽ ബഡ്ജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ജോലിയിൽ ഏർപ്പെടുന്നവർക്ക് നിശ്ചിത ജോലി സമയത്തിനുപുറമേ ജോലി ചെയ്യേണ്ടിവരുന്നതിനാൽ ഒരു നിശ്ചിത കാലത്തേയ്ക്ക് കോമ്പൻസേറ്ററി അലവൻസ് നൽകി വരുന്നു. അലവൻസ് ആവശ്യമുന്നയിച്ച് അപേക്ഷ ലഭിക്കുന്ന പക്ഷം പരിശോധിച്ച് ഇക്കാര്യത്തിന്മേൽ തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ